ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

ഓപ്പറേഷൻ കുബേര - ആലപ്പുഴ ജില്ല

231 (232) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ജില്ലയിലെ അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ; അംഗീകൃത പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേര പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാർ ഒഴിവാക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആക്ഷേപം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പ്രകാരം ആലപ്പുഴ ജില്ലയിൽ 203 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 95 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ, 84 പേർ കോടതി മുഖേന ജാമ്യം നേടിയിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധം - എ ആയി ചേർത്തിട്ടുണ്ട്.*

(ബി) അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം - ബി ആയി ചേർത്തിട്ടുണ്ട്.* റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചും പണമിടപാട് സ്ഥാപനങ്ങളെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് അനുസരിച്ചുമാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്.

(സി) ഓപ്പറേഷൻ കുബേര പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാരെ ഒഴിവാക്കിയിട്ടില്ല. ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര വ്യാപകമാക്കാൻ നടപടി

232 (233) ശ്രീ. പി. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly